## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3593 — 14.03.2017 ൽ മറുപടിയ്ക്ക്

### തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്ന സംഭവം

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജയിൽ സുരക്ഷാ പരിശോധന കാര്യക്ഷമമല്ലാത്തതാണ് തടവുകാർ മൊബൈൽ ഫോൺ കടത്തികൊണ്ടുവരുവാൻ ഇടയായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ ; | (ബി) | കാര്യക്ഷമമായ സുരക്ഷാ പരിശോധനയാണ് ജയിലുകളിലുള്ളത്. സുരക്ഷാപരിശോധനയുടെ ഭാഗമായി ജയിലിനകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന തടവുകാരെ മാനുഷിക മൂല്യങ്ങൾക്കും അന്തസ്സിനും കോട്ടം തട്ടാത്ത രീതിയിൽ പോലീസ് ഉദ്യോഗസ്ഥരും ജയിൽ ഉദ്യോഗസ്ഥരും വിശദമായി പരിശോധിക്കുന്നുണ്ട്. അപ്രതീക്ഷിത സമയങ്ങളിൽ തടവുകാരെ പാർപ്പിച്ചിരിക്കുന്ന സെല്ലുകളിലും ബ്ലോക്കുകളിലും ജയിൽ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. |
| (സി) | റ്റി.പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികൾ ജയിലിൽ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ